ഉത്തരം

(എ) ഉണ്ട്.

(ബി) തൊഴിലാളി യൂണിയൻ നേതാക്കളും മാനേജ്മെന്റും തമ്മിലുണ്ടാക്കിയ കരാർ പ്രകാരമുള്ള നഷ്ടപരിഹാരത്തുക മുഴുവനും നിശ്ചിത സമയ പരിധിക്കുള്ളിൽ തൊഴിലാളികൾക്ക് നൽകിയിട്ടില്ല എന്ന് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞിട്ടുണ്ട്.

(സി & ഡി) ടി സ്ഥാപനത്തിന്റെ മാനേജ്മെന്റും തൊഴിലാളി യൂണിയൻ നേതാക്കളും തമ്മിൽ 20-10-2006-ൽ ഉണ്ടാക്കിയ കരാർ പ്രകാരം സ്ഥാപനത്തിലുണ്ടായിരുന്ന സ്റ്റാഫ് ഉൾപ്പെടെയുള്ള ജീവനക്കാരിൽ 175 പേരൊഴികെ മുഴുവൻ പേർക്കും ആനുകൂല്യം നൽകിയിട്ടുണ്ടെന്നും 175 പേർക്ക് നൽകാനുള്ള ആനുകൂല്യത്തിന്റെ 50% തുക 2010 ജൂൺ മാസത്തിൽ വിതരണം ചെയ്തിട്ടുണ്ടെന്നും മാനേജ്മെന്റ് അറിയിച്ചിട്ടുണ്ട്. ബാക്കി തുക അടിയന്തരമായി നൽകുന്നതിൽ വീഴ്ചയുണ്ടാകുന്ന പക്ഷം തൊഴിൽ തർക്ക നിയമത്തിലെ 33 (സി) (2) വകുപ്പുപ്രകാരം ലേബർ കോടതിയിൽ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുവാൻ ജില്ലാ ലേബർ ഓഫീസർ യൂണിയനുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കണ്ണൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിലെ ഗ്രാറ്റുവിറ്റി

201 (T5091) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിലെ തൊഴിലാളികളിൽ എത്ര പേർ 2010 മേയ് 31 വരെ റിട്ടയർ ചെയ്തു എന്ന് വ്യക്തമാക്കുമോ ;

(ബി) ഇവർക്ക് ഗ്രാറ്റുവിറ്റി ആനുകൂല്യം നൽകിയോ ; ഇതിന് എത്ര തുക വേണം ;

(സി) ഗ്രാറ്റുവിറ്റി ആനുകൂല്യം നൽകിയില്ലെങ്കിൽ എന്നത്തേക്ക് നൽകുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കണ്ണൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിൽ 20-6-2008 മുതൽ 2010 മേയ് 31 വരെ 104 പേർ റിട്ടയർ ചെയ്തു.

(ബി) ഇവർക്ക് ഗ്രാറ്റുവിറ്റി ആനുകൂല്യം പൂർണ്ണമായും നൽകിയിട്ടില്ല. ഇതിന് വേണ്ടി 95,91,726 രൂപ വേണം.

(സി) 2010 മേയ്, ജൂൺ മാസങ്ങളിൽ 12 പേർക്ക് 13,36,613 രൂപ ഗ്രാറ്റുവിറ്റി ഇനത്തിൽ നൽകിയിട്ടുണ്ട്. 92 പേരുടെ ഗ്രാറ്റുവിറ്റി തുകയായ 82,55,110 രൂപ കൊടുത്തുതീർക്കാൻ ബാക്കിയുണ്ട്. ഗ്രാറ്റുവിറ്റി നൽകുന്നതിനായി മിൽ അധികൃതർ സർക്കാർ സഹായത്തിനായി അപേക്ഷിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly